(എ) കൊല്ലം ആയൂർ റോഡിൽ, ചാത്തന്നൂർ നിയോജകമണ്ഡലത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന മുട്ടയ്ക്കാവ് പാലം നിർമ്മാണപ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടത്തി വന്നിരുന്ന പാലത്തിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കി അടിയന്തിരമായി പണി പൂർത്തിയാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) പഴയ നിരക്കിൽ പ്രസ്തുത വർക്ക് ഏറ്റെടുക്കുവാൻ ആളില്ലെങ്കിൽ ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷൻ പ്രകാരം, മുട്ടയ്ക്കാവ് പാലം നിർമ്മാണം പൂർത്തിയാക്കി 2006 മാർച്ച് മാസത്തിന് മുമ്പ് ഉദ്ഘാടനം നടത്തി, പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) മുട്ടയ്ക്കാവ് പാലത്തിന്റെ നിർമ്മാണം, കൺസ്ട്രക്ഷൻ കോർപ്പറേഷൻ പണി പൂർത്തിയാകാതെ നിർത്തിവച്ചു. അതിനു ശേഷം രണ്ട് തവണ ടെണ്ടർ വിളിച്ചിട്ടും പൂർത്തിയാക്കാതെ നിർത്തിവച്ച പണി ഏറ്റെടുക്കാൻ ആരും മുന്നോട്ടുവന്നില്ല. ഈ പണി പുനരാരംഭിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) പണി വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

നബാർഡിന്റെ സഹായത്തോടെ തിരുവനന്തപുരം ജില്ലയിലെ പാലങ്ങളുടെ നിർമ്മാണം

114 [427] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ നിർമ്മാണം നടത്താൻ നിശ്ചയിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ പാലങ്ങൾ ഏതെല്ലാമാണ്;

(ബി) അവയുടെ പേരും അടങ്കൽ തുകയും വെളിപ്പെടുത്തുമോ;

(സി) അതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ;

(ഡി) ഈ പട്ടികയിൽ വാമനപുരം മണ്ഡലത്തിലെ ചെല്ലഞ്ചി പാലം ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടങ്കൽ തുക എത്ര; ഇല്ലെങ്കിൽ ഒഴിവാക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി)

	പാലങ്ങൾ	അടങ്കൽ തുക
1.	കീഴാമൂർ കടവ് പാലം	290.24 ലക്ഷം രൂപ
2.	മീരാൻ കടവ് പാലം	1204.88 ലക്ഷം രൂപ
3.	മൂന്നാറ്റുമുക്ക് പാലം	187.00 ലക്ഷം രൂപ
4.	വെള്ളനാട് പാലം	294.00 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി പാലങ്ങളിൽ കീഴാമൂർ കടവ്. മുന്നാറ്റുമുക്ക്, വെള്ളനാട് എന്നീ പാലങ്ങൾക്ക് നബാർഡ് സഹായം ലഭ്യമായ സാഹചര്യത്തിൽ 12-1-2006-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർടി.) നം. 35/2006/പി.ഡബ്ല്യു.ഡി. പ്രകാരം ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മീരാൻ കടവ് പാലത്തിന് 13-6-2005-ലെ ജി.ഒ. (ആർടി.) നം. 576/2005/പി.ഡബ്ല്യു.ഡി. പ്രകാരവും ഉത്തരവ് നൽകിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) നബാർഡിന് സമർപ്പിച്ചിരുന്ന ലിസ്റ്റിൽ ചെല്ലഞ്ചി പാലം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നബാർഡിൽ നിന്നും ഇപ്പോൾ ലഭിച്ച അനുമതി പട്ടികയിൽ ചെല്ലഞ്ചി പാലം ഉൾപ്പെട്ടിട്ടില്ല. 1064 ലക്ഷം രൂപയാണ് അടങ്കൽ തുകയായി നിശ്ചയിച്ചിരുന്നത്. നബാർഡിൽ നിന്നും ഇനിയും അനുമതി ലഭിക്കാനുണ്ട്.

വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

115 [428] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലത്തിന്റെ പണി ആരംഭിക്കുന്നതിന് എന്തു നടപടിയായി എന്നു വ്യക്തമാക്കാമോ;

(ബി) റെയിൽവേ ആവശ്യപ്പെട്ട തുക കേരള സർക്കാർ അടച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്നും, ബാക്കി സംഖ്യ എപ്പോൾ നൽകും എന്നും വ്യക്തമാക്കാമോ;

(സി) റെയിൽവേയുടെ ഭാഗം ഒഴിച്ചുള്ള പൊതുമരാമത്ത് വക റോഡിനു മുകളിലുള്ള പാലവും അനുബന്ധ പണികളും തുടങ്ങുന്നതിനുള്ള നടപടികൾ എന്തായി എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലംപണിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്. റെയിൽവേ ഭാഗം ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) 41.10 ലക്ഷം രൂപ ഇതിനകം റെയിൽവേക്ക് നൽകിയിട്ടുണ്ട്. ബാക്കി സംഖ്യ നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) അപ്രോച്ച് റോഡിന്റെ പണി മിക്കവാറും പൂർത്തിയാക്കിയിട്ടുണ്ട്.

പുളിങ്ങോം-മുണ്ടോർട്ട് പാലവും അനുബന്ധ റോഡും പൂർത്തിയാക്കാൻ നടപടി

116 [429] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly